ശ്രദ്ധക്ഷണിക്കൽ

കുടിവെള്ളക്ഷാമം

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഇപ്പോൾത്തന്നെ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. വരുന്ന മാസങ്ങളിൽ ഇത് വ്യാപകമാകാൻ പോകുകയാണ്. കേരളത്തിലെ കുടിവെള്ളക്ഷാമം ആദ്യമായി ഉണ്ടായതല്ല. എല്ലാ കാലങ്ങളിലും ഇതുപോലെയുള്ള ഒരു കാലാവസ്ഥയിൽ കുടിവെള്ളം കിട്ടാതെ ജനങ്ങൾ നാട്ടിൽ പരക്കം പായുന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഇതുപോലെയൊരു ഗവൺമെന്റ് ഭരണത്തിലിരിക്കുമ്പോൾ മറ്റെന്തിനെക്കാളും സാധാരണ ജനങ്ങളുടെ കുടിവെള്ളത്തിനുവേണ്ടിയാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. കുടിവെള്ളം ആവശ്യപ്പെടുന്ന ജനങ്ങളുടെ മുമ്പിൽ നിസ്സഹായരാണ് ജനപ്രതിനിധികളെല്ലാം. കേരളത്തിലെ 44 നദികളും ഗുരുതരമായ അവസ്ഥയിലാണ്. കേരളത്തിലെ ജലസ്രോതസ്സുകളെല്ലാം വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റിയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും ജലനിധിയും മേജർ ഇറിഗേഷനും മൈനർ ഇറിഗേഷനും ആയിരക്കണക്കിന് സാങ്കേതിക വിദഗ്ദ്ധരും എഞ്ചിനീയർമാരും ആയിരക്കണക്കിന് ജീവനക്കാരുമുള്ള വലിയൊരു എസ്റ്റാബ്ലിഷ്മെന്റാണ് കേരളത്തിലെ ഈ ജലസംഭരണ വിതരണത്തിലേർപ്പെട്ടിരിക്കുന്നത്. ഈ വകുപ്പുകളെ കോ-ഓർഡിനേറ്റ് ചെയ്ത് ഇതുപോലെയുള്ള കാലാവസ്ഥയിൽ

കുടിവെള്ളം ഉറപ്പുവരുത്താൻ ഗവൺമെന്റിന് കഴയുമോ ഇല്ലയോ എന്നുള്ള വെല്ലുവിളിയാണ് നേരിടുന്നത്. നദികളും നീരുറവകളും വറ്റി, കിണറുകളെല്ലാം അശുദ്ധമായി, അതുകൊണ്ട് കുടിവെള്ളമില്ലെന്ന് ജനങ്ങളോട് പറയാൻ ഉത്തരവാദിത്തമുള്ള ഒരു ഗവൺമെന്റിന് സദ്ധ്യമല്ല. ഇക്കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടിയെടുക്കണം. ഈ വിഷയം ഗൗരവമായി സഭ പരിഗണിക്കണം. ബന്ധപ്പെട്ട വകുപ്പുകൾ ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കണം.

എന്റെ മണ്ഡലത്തിലെ ഒഴുകുപാറ, കൊപ്പം, ആലിയാട്, കുതിരക്കുളം തുടങ്ങിയ പല പഞ്ചായത്തുകളിലും മാണിക്കൽ പഞ്ചായത്തിലെ മദപുരം, ഒഴുകുപാറ എന്നീ പ്രദേശങ്ങളിലെ പാറക്കെട്ടുകൾക്കും അതിനുമുകളിലും താമസിക്കുന്ന പാവപ്പെട്ടവർക്ക് കുടിവെള്ളം ലഭിക്കാത്ത അവസ്ഥയാണ്. എന്റെ മണ്ഡലത്തിൽ മാത്രമല്ല കേരളത്തിലാകെ കുടിവെള്ളക്ഷാമമാണ്. ഒരു മറുപടിയും പറയാൻ നിവൃത്തിയില്ലാതെ എം.എൽ.എ.-മാർ വല്ലാത്ത അവസ്ഥയിലാണ്. എന്റെ മണ്ഡലത്തിൽ നാല് ദിവസത്തിലൊരിക്കൽ മൂന്ന് മണിക്കൂറാണ് വെള്ളം ലഭിക്കുന്നത്. മറ്റൊന്നും ചെയ്തില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കണം. അതിനാവശ്യമായ ഫണ്ട് കണ്ടെത്തണം. കഴിഞ്ഞ തവണ കിയോസ്കുകൾ സ്ഥാപിച്ച് വെള്ളം കൊടുക്കാമെന്ന് പറഞ്ഞു. ആളുകൾ

അതെടുത്ത് കളഞ്ഞു. ടാങ്കറിൽ വെള്ളം കൊണ്ടുവരാം. പക്ഷേ ടാങ്കറിൽ വെള്ളം നൽകിയാൽ ഗുരുതരമായ അഴിമതിയാണെന്ന് പറയുന്നു. ടാങ്കറിലായാലും കിയോസ്കുകൾ വഴിയായാലും കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുക എന്നതാണ് ഒരു സിവിലൈസ്ഡ് ഗവൺമെന്റിന്റെ പ്രൈമറി ഡ്യൂട്ടി. കുടിവെള്ളം നൽകാൻ കഴിയാത്ത അവസ്ഥയുണ്ടാകാൻ പാടില്ല. അതുകൊണ്ട് വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഗ്രൗണ്ട് വട്ടർ എന്നീ വകുപ്പുകളെ കോ-ഓർഡിനേറ്റ് ചെയ്യണം. ജലത്തിന്റെ ദൗർലഭ്യമുണ്ടെന്നും ഭൂഗർഭ ജലത്തിന്റെ നിലവാരം താണുപോയെന്നുമെല്ലാം പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാകും. നാട്ടിലെ ജനങ്ങൾ കുടവും കലവുമായി വന്ന് മണിക്കൂറുകളോളം കാത്തുനിന്ന് വെള്ളം കിട്ടാതിരുന്നാൽ കലാപമുണ്ടാകും. വെള്ളത്തിനുവേണ്ടി ഗ്രാമങ്ങളിൽ വലിയ കലാപമുണ്ടാകാൻ പോകുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഇത് ഗൗരവമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. പരിഗണിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ഈ വർഷത്തെ വേനലിന്റെ കാഠിന്യം സർക്കാർ വളരെ ഗൗരവത്തിലെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ

ജില്ലാ കളക്ടർമാരുമായി ആശയവിനിമയം നടത്തിക്കഴിഞ്ഞു. റവന്യൂ വകുപ്പാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. റവന്യൂ വകുപ്പുമന്ത്രിയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് രണ്ട് തവണ അവലോകന യോഗം നടത്തിയിട്ടുണ്ട്. വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജലസേചനം, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ജലനിധി എന്നീ നാല് ഘടകങ്ങളെയും ഒരുമിപ്പിച്ച് നിർത്തിക്കൊണ്ടാണ് കഴിഞ്ഞ വർഷമുണ്ടായ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയെ അതിജീവിക്കാൻ റവന്യൂ വകുപ്പും മറ്റ് വകുപ്പുകളും ചേർന്ന് സംസ്ഥാന തലത്തിൽ നടപടികൾ സ്വീകരിച്ചത്. 2016-ലെ കാലവർഷത്തിൽ മഴ കുറഞ്ഞതുകൊണ്ടാണ് 2017-ൽ വരൾച്ചയുണ്ടായത്. 2017-ൽ തൊട്ട് തലേവർഷത്തേക്കാൾ കുറഞ്ഞയളവിലുള്ള മഴയാണ് മൺസൂൺ കാലത്ത് അനുഭവപ്പെട്ടത്. തെക്ക് - പടിഞ്ഞാറൻ കാലവർഷവും വടക്ക് - കിഴക്കൻ കാലവർഷവും തൊട്ട് തലേവർഷത്തെക്കാളും കുറവായിരുന്നു. അതുകൊണ്ട് 2017-നെക്കാൾ രൂക്ഷമായ വരൾച്ച 2018-ലുണ്ടാകുമെന്ന് ആശങ്കപ്പെട്ടാണ് നേരത്തെതന്നെ കോ-ഓർഡിനേഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിച്ചത്. ഇടയ്ക്ക് പെയ്ത മഴ കാരണം ജല സംഭരണികളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന

മെച്ചപ്പെട്ട നിലയിലാണ്. നിരീക്ഷണ കിണറുകളിലെ ജലനിരപ്പും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അല്പം മെച്ചപ്പെട്ടിട്ടുണ്ട്. പത്ത് വർഷത്തെ ശരാശരിയെക്കാൾ ഇതെല്ലാം താണുനിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന പല നദികളിലും നീരൊഴുക്ക് കുറവാണ്. ജലസ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മുൻകരുതൽ പ്രവൃത്തികൾ അടിയന്തരമായി ചെയ്യാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇപ്പോൾ 94 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. അതിൽ പ്രധാനമായുള്ളത് തടയണ നിർമ്മാണ പ്രവൃത്തികളാണ്. സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിച്ചു നിർത്താനും ജലത്തിന്റെ അളവ് കുറയുമ്പോഴുള്ള ഓരു ജലത്തിന്റെ കടന്നുകയറ്റത്തെ നിയന്ത്രിക്കുവാനും ഇതുമൂലം സാധിക്കുന്നതാണ്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള മുപ്പതു കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിന്നുള്ള പദ്ധതികൾ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വാട്ടർ അതോറിറ്റിയുടെ പമ്പിന്റെയും മോട്ടോറിന്റെയും അറ്റകുറ്റപ്പണികൾ നടത്തിയും പൈപ്പ് ലൈനുകളുടെ ചോർച്ച സമയബന്ധിതമായി പരിഹരിച്ചും ജലവിതരണം കാര്യക്ഷമമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, ചില സ്ഥലങ്ങളിലൊക്കെ രണ്ടുമൂന്നു ദിവസത്തിലൊരിക്കലാണ് വെള്ളം ലഭിക്കുന്നത്.

നിലവിലുള്ള പദ്ധതിയനുസരിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും വാൽവുകൾ നിയന്ത്രിച്ചുമാണ് കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ജലം എത്തിക്കാനുള്ള നടപടികൾ ഇപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഉടനടി പൂർത്തീകരിക്കാൻ കഴിയുന്ന ചില കുടിവെള്ള വിതരണ പദ്ധതികളുണ്ട്. ആ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ കഴിയുമെങ്കിൽ, ഈ ഏപ്രിൽ മാസംതന്നെ ഏതാണ്ട് 18 പദ്ധതികൾ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. സാദ്ധ്യമായ സ്ഥലങ്ങളിൽ വിതരണശൃംഖല നീട്ടാനും ഇന്റർകണക്ഷൻ നടത്താനും കൂടുതൽ സ്ഥലങ്ങളിൽ ജലം എത്തിക്കാനുമുള്ള ശ്രമം നടത്തിവരുന്നു. വാട്ടർ അതോറിറ്റിയുടെ വിതരണശൃംഖല വഴി ആവശ്യമായ അളവിൽ ജലമെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ടാങ്കർ ലോറി വഴി കഴിഞ്ഞവർഷം ജലം നൽകേണ്ടിവന്നിട്ടുണ്ട്. അങ്ങനെ നൽകേണ്ടിവന്നാൽ അതിനാവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ജലവിഭവ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ ഫില്ലിംഗ് സ്റ്റേഷൻ ഇതിനോടകംതന്നെ സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള സ്രോതസ്സുകൾ പൂർണ്ണമായി തടസ്സപ്പെടുന്ന ഒരവസ്ഥ ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന ബദൽ സ്രോതസ്സുകൾ കണ്ടെത്തി താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലവിതരണം

നടത്തുവാനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നമ്മുടെ കുടിവെള്ള പദ്ധതികളുടെ പ്രധാന സ്രോതസ്സുകൾ നദികളും ആറുകളുമാണ്. അവിടെയുള്ള ജലത്തിന്റെ ലഭ്യത കൂട്ടുന്നതിനായി താൽക്കാലിക തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കിണറുകളിലെയും ഗ്യാലറികളിലെയും ചെളിയും മറ്റു മാലന്യങ്ങളും നീക്കം ചെയ്യുന്നതിന് വാൽവുകൾ, പമ്പ് സെറ്റുകൾ, ടാങ്കുകൾ, പ്ലാന്റുകളിലെ ഫിൽറ്റർ മീഡിയ എന്നിവയുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു. ഈ വേനൽ കടുക്കുന്നതിനുമുമ്പുതന്നെ അത് പൂർത്തീകരിക്കുന്നതാണ്. ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വാൽവുകൾ ക്രമീകരിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചുമുള്ള നടപടികൾ ഇപ്പോഴും സ്വീകരിക്കുന്നുണ്ട്. പാറമടകളിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കിവരുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിച്ചും ജലസുരക്ഷയെപ്പറ്റി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ജനങ്ങളെ ബോധവൽക്കരിച്ചും വേനലിനെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ കാഷ്വൽ കണക്ഷനുകൾ, ഗാർഹികേതര കണക്ഷനുകൾ എന്നിവയ്ക്ക് ആവശ്യാനുസരണം നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്. ജലമോഷണം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ,

അന്തിമഘട്ടത്തിലുള്ള കുടിവെള്ള പദ്ധതികളുടെ പണികൾ വേനൽക്കാലത്തിനുമുമ്പ് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2018 മാർച്ച്-ഏപ്രിൽ മാസങ്ങളിലായി 18 കുടിവെള്ള പദ്ധതികൾ പുതുതായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ, ഇനിയങ്ങോട്ട് വെള്ളം കിട്ടുമെന്നുള്ളതിൽ ഒരു പ്രതീക്ഷയുണ്ട്. ഇതുപോലൊരു പ്രശ്നം പറഞ്ഞപ്പോൾ, മന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം വിളിച്ചുകൂട്ടി എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് അടിയന്തരമായി പരിഹാരം കാണണമെന്ന് പറഞ്ഞ് നിർദ്ദേശം കൊടുത്തു. അതിനുശേഷമാണ് അവിടെ മിക്കവാറും വെള്ളം കിട്ടാത്ത അവസ്ഥ വന്നിട്ടുള്ളത്. അതുകൊണ്ട് അങ്ങ് ഈ കാര്യത്തിൽ ശക്തമായ നടപടിയെടുക്കണം. ഞാൻ ഒരു ഉദാഹരണം പറയാം, എന്റെ മണ്ഡലമായ നെടുമങ്ങാട് ഓഗ്മെന്റേഷൻ പ്ലാന്റിന് ഒരു പ്രോജക്ട് തയ്യാറാക്കി കൊടുത്തിട്ട് അത് ഗവൺമെന്റിൽ എവിടെയോ തട്ടിയും മുട്ടിയും കിടക്കുകയാണ്. ആ ഓഗ്മെന്റേഷൻ സ്കീമിനുള്ള ഫണ്ട് അനുവദിച്ചാൽ നെടുമങ്ങാടിന്റെ പകുതി പ്രദേശത്തും കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കും. പക്ഷെ, അത് കടലാസിൽ കിടക്കുകയാണ്; പലതവണ പോയി, അതിന് എന്തെങ്കിലും ഒരു

നടപടിയെടുക്കാൻ ഗവൺമെന്റ് സഹായിക്കണം.

ശ്രീ. മാത്യു ടി. തോമസ്: സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ, മുനിസിപ്പാലിറ്റിയിലെ ഉയർന്ന പ്രദേശങ്ങളിലും കോളനി പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിനുവേണ്ടി 13.29 കോടി രൂപയുടെ ഒരു പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. അത് ഇപ്പോൾ സി.ഇ. ഓഫീസിൽ പരിശോധനയിലാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. വിവിധ പഞ്ചായത്തുകളിലെ എസ്.സി./എസ്.റ്റി. കോളനികൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിനുവേണ്ടി പൈപ്പ് ലൈൻ നീട്ടി ഗാർഹിക കണക്ഷൻ നൽകുന്നതിനുവേണ്ടി 1,42,00,000/- രൂപയുടെ മറ്റൊരു പദ്ധതിക്ക് കോർപ്പസ് ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. മറ്റ് പദ്ധതികളും പരിഗണനയിലുണ്ട്. കരകുളം-അരുവിക്കര പഞ്ചായത്തുകൾക്കുവേണ്ടി, അങ്ങയുടെ മണ്ഡലത്തിൽപ്പെടുന്നതാണോയെന്ന് കൃത്യമായിട്ട് എനിക്കറിയില്ല, എന്നാൽ വെള്ളനാട് പഞ്ചായത്തിനും നെടുമങ്ങാട് മുനിസിപ്പാലിറ്റിക്കുംവേണ്ടിയുള്ള പദ്ധതിയാണിത്. ആര്യനാട്-ഉഴമലയ്ക്കൽ പഞ്ചായത്തുകൾക്കുവേണ്ടി മറ്റൊരു പദ്ധതിയുണ്ട്. ഇതിന്റെയെല്ലാം നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമായ സ്ഥലം പഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകുകയോ അല്ലെങ്കിൽ ലാൻഡ് അക്വിസിഷൻ നിയമപ്രകാരം നടക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്.

നേരത്തെ എന്റെ ചേമ്പറിൽ നടത്തിയ യോഗത്തിന്റെ തുടർനടപടികൾ അങ്ങയുടെ കൂടി സാന്നിദ്ധ്യത്തിൽ പുനരവലോകനം നടത്തി വേഗത്തിലാക്കാൻ ശ്രമിക്കുന്നതാണ്.

(2) വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാന വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. മഹനീയവും ജനകീയ പ്രബുദ്ധവുമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ രൂപീകരിക്കപ്പെട്ടതാണ് വിജിലൻസ് വകുപ്പ്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും പൊതുപ്രവർത്തകരുടെയും അധികാര ദുർവിനിയോഗം, ധൂർത്ത്, കണക്കിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കൽ, 5 ലക്ഷം രൂപയിൽ കവിഞ്ഞ പൊതുമുതൽ കൊള്ളയടിക്കൽ, വിജിലൻസ് എൻക്വയറി, രഹസ്യാന്വേഷണങ്ങൾ ഇവയെല്ലാം വിജിലൻസിന്റെ പരിധിയിൽ വരുന്നതാണ്. സംസ്ഥാന മുഖ്യമന്ത്രി മുതൽ പഞ്ചായത്തു മെമ്പർമാർ വരെയും ചീഫ് സെക്രട്ടറി മുതൽ വില്ലേജോഫീസർ വരെയും ഡി.ജി.പി മുതൽ പോലീസ് കോൺസ്റ്റബിൾ വരെയുമുള്ളവർ ഇതിന്റെ പരിധിയിൽ വരുന്നവരാണ്. എന്നാൽ ഈ അടുത്തകാലത്ത് കോടതിയിൽ നിന്നും മറ്റു കോണുകളിൽ നിന്നുമൊക്കെ അതിനിശിതമായ വിമർശനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് കേൾക്കാനിടവരുന്നത്. ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും

പിൻബലമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ട് നിരവധി തവണ കോടതി വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്.

ഞാൻ എല്ലാ വിധികളും ഇവിടെ പറയണമെന്ന് ആഗ്രഹിക്കുന്നില്ല. ഈ അടുത്തകാലത്തുണ്ടായ ഒരു വിധിയിലേക്ക് മാത്രം ശ്രദ്ധയൂന്നുകയാണ്. സർക്കാരിന്റെ ഭരണപരമായ തീരുമാനങ്ങളിൽപ്പോലും തിരുത്തലുകൾ വേണമെന്ന് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ട സാഹചര്യം കോടതിയിൽ വരികയുണ്ടായി. കോടതി പറഞ്ഞു, 'Vigilance and Anti-corruption Bureau will have to explain what is the authority of the Vigilance to comment or direct the Government to review the administrative decisions and actions taken by the Government. If the Vigilance is given such powers, Kerala will go to Vigilance Raj'. അമിതമായ അധികാരങ്ങൾ ഉപയോഗപ്പെടുത്തി അവർക്ക് ചുമത്തപ്പെട്ട അധികാരങ്ങൾക്കപ്പുറമായി ഗവൺമെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങളിലും പോളിസി മാറ്റങ്ങളിൽ കൂടിയും വിജിലൻസിന്റെ മേധാവികൾ ഇടപെടാൻ തുടങ്ങിയപ്പോഴാണ് ഒരു കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇങ്ങനെയൊരു പരാമർശമുണ്ടായത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? ഇത് നിയമത്തിന്റെ പോരായ്മ കൊണ്ടുതന്നെയാണ്. നമ്മുടെ രാജ്യത്തുള്ള പല നിയമങ്ങളും ഒന്നുകിൽ പാർലമെന്റിൽ പാസ്സാക്കിയത് അല്ലെങ്കിൽ നിയമസഭയിൽ പാസ്സാക്കിയത്;

ചട്ടങ്ങളാണെങ്കിൽപ്പോലും അത് നിയമസഭ പാസ്സാക്കിയതിനനുസരിച്ച് സഭയുടെ മേശപ്പുറത്തുവയ്ക്കാം. എന്നുപറഞ്ഞാൽ നിയമസഭാംഗങ്ങൾക്ക് അത് കാണുവാനും പഠിക്കുവാനും ഭേദഗതികൾ കൊണ്ടുവരാനുമുള്ള അവകാശമുണ്ട്. എന്നാൽ വിജിലൻസ് മാനുവൽ എന്നുപറയപ്പെടുന്ന ഈ സംസ്ഥാനത്തെ മുഴുവനും അടക്കി ഭരിച്ചുകൊണ്ടിരിക്കുന്ന ഇതിന്റെ മാനുവൽ രൂപീകരിച്ചിരിക്കുന്നത് ഒരു നിയമത്തിന്റെയും പ്രാബല്യമില്ലാതെയും പിന്തുണയില്ലാതെയുമാണ് എന്നുള്ളതാണ് കോടതി പോലും നിരീക്ഷിച്ചിട്ടുള്ളത്. ജമാൽ എന്ന റിട്ടയേർഡ് ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ യാതാനും പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഉപദേശ നിർദ്ദേശങ്ങളോടുകൂടിയാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മാന്വൽ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ആ മാന്വൽ ഇതുവരെ നിയമസഭയിൽ കാണുകയോ ജനപ്രതിനിധികൾക്ക് പരിശോധിക്കുവാനോ തിരുത്തുവാനോ യാതൊരു അവകാശവുമില്ല. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്നൊരു ജനാധിപത്യ ഗവൺമെന്റ് സംവിധാനത്തിൽ നിയമ നിർമ്മാണാധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്; സ്വാഭാവികമായിട്ടും ജനപ്രതിനിധികൾക്കും ജനങ്ങൾക്കുമാണ്. എന്നാൽ ആ സഭ ഉണ്ടാക്കിയ നിയമങ്ങൾക്കും മുകളിലാണ് ജില്ലാ പോലീസ് സൂപ്രണ്ടായി വിരമിച്ച ഒരു ഐ.പി.എസ്. ഓഫീസറുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ടൊരു മാന്വൽ ഇത്രയുംകാലം ഭേദഗതികളില്ലാതെ തുടരുന്നത് നാം മനസ്സിലാക്കേണ്ടത്. ഇന്ത്യൻ

പീനൽ കോഡായാലും ക്രിമിനൽ പ്രോസീഡ്യുവർ ആയാലും കോഡ് ഓഫ് സിവിൽ പ്രോസീഡ്യുവർ ആയിരുന്നാലും കേന്ദ്ര വിജിലൻസ് ആക്ട് 2003 എന്നിവയ്ക്കെല്ലാം പാർലമെന്റിന്റെ അംഗീകാരമുണ്ടെന്ന് നമുക്കറിയാം. അതിന്റെ വീക്ഷണ കോണിൽ നിന്നും പരിശോധിക്കുമ്പോൾ സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനം സ്റ്റാറ്റ്യൂട്ടറി സ്വഭാവമില്ലാത്തതും എക്സിക്യൂട്ടീവ് ഉത്തരവുകളാൽ മാത്രം നിയന്ത്രിക്കപ്പെടുന്നുവെന്നതും മനസ്സിലാക്കാൻ സാധിക്കും. വിജിലൻസ് കൂട്ടിലിട്ട തത്തയാണെന്ന് ആക്ഷേപിക്കാറുണ്ട്. എന്നാൽ അമിതമായ സ്വാതന്ത്ര്യം ഉപയോഗിക്കുന്നുവെന്നും പറയുന്നുണ്ട്. ഇത് രണ്ടിന്റെയും ഇടയിലാണ് നിൽക്കേണ്ടത്. വളയമില്ലാതെ ചാടാൻ പാടില്ല. കൃത്യമായ നിയമത്തിന്റെ പിൻബലമില്ലാത്തതുകൊണ്ടാണ് ഇത്രയധികം ആക്ഷേപം ഉണ്ടാകാൻ ഇടയാകുന്നത്. ഒരു പ്രശ്നം ഉണ്ടാകുമ്പോൾതന്നെ ഒരു ഗവൺമെന്റ് ഉത്തരവ് ഇറക്കുകയാണ്. ആ ഗവൺമെന്റ് ഉത്തരവിന്റെയടിസ്ഥാനത്തിൽ പ്രവർത്തനം കൊണ്ടുപോകുകയാണ്. നിയമനിർമ്മാണ സഭ പാസ്സാക്കുന്ന ആക്ടിന്റെയോ സ്റ്റാറ്റ്യൂട്ടുകളുടെയോ റൂളുകളുടെയോ പിൻബലത്തിലായിരിക്കണം യഥാർത്ഥത്തിൽ വിജിലൻസ് പ്രവർത്തിക്കേണ്ടത്. അതുകൊണ്ട് മാറി മാറി വരുന്ന സർക്കാരുകൾക്ക് യഥേഷ്ടം നിയന്ത്രിക്കാമെന്ന സാഹചര്യം ഉണ്ടാകും. വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനം എക്സിക്യൂട്ടീവ് ഉത്തരവുകളിൽ അധിഷ്ഠിതമായതിനാൽ പ്രസ്തുത

ഉത്തരവുകളെ കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി സർക്കാരിന് വിജിലൻസ് വകുപ്പിനെ യഥേഷ്ടം നിയന്ത്രിക്കാൻ കഴിയും. അതുമൂലം വിജിലൻസ് വകുപ്പിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടാകാനുള്ള സാധ്യതകൾ ധാരാളമായി നിലനിൽക്കുകയാണ്. നിയമനിർമ്മാണം വിഭാവന ചെയ്യുന്ന നിയമ ചട്ടക്കൂടിൽ നിന്നും പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര വിജിലൻസ് സംവിധാനമാണ് പ്രായോഗികവും ആവശ്യവുമായിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ്, കൺക്ലൂഡ്..

ശ്രീ. എം. ഉമ്മർ: ഞാൻ അവസാനിപ്പിക്കുകയാണ്. നിയമനിർമ്മാണ പിൻബലമില്ലാതെയുള്ള നടപടിക്രമങ്ങൾ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും ആത്മാഭിമാനത്തിന് പോറലേൽപ്പിച്ചുകൊണ്ടുള്ള അശാസ്യമല്ലാത്ത നടപടികൾ വിജിലൻസിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവസാനം കോടതിയിൽ എത്തുന്നതിനു മുമ്പുതന്നെ രാജ്യത്തെ മുതിർന്ന ഉദ്യോഗസ്ഥന്മാരാകട്ടെ ജനപ്രതിനിധികളാകട്ടെ സമൂഹത്തിനുമുമ്പാകെ അന്വേഷണത്തിന്റെ ഭാഗമായി അവരെ അപഹാസ്യരാക്കിയിട്ട് അവസാനം ക്ലീൻ ചീട്ട് കൊടുക്കുകയാണ്. ഇത് വല്ലാത്തൊരു സ്ഥിതിയാണ് ഉണ്ടാക്കുന്നത്. അതുകൊണ്ട് കാലാകാലങ്ങളിൽ ആഭ്യന്തരവകുപ്പും വിജിലൻസ് ഡയറക്ടറും, കോടതികളും പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും വെളിച്ചത്തിൽ തയ്യാറാക്കിയ വിജിലൻസ്

മാന്വലിന്റെ അടിസ്ഥാനത്തിലാണ് മാറി മാറി വരുന്ന സർക്കാരും ഡയറക്ടർമാരും വ്യത്യസ്ത ഉത്തരവുകൾ പുറപ്പെടുവിച്ച് നിലവിലുള്ള സംവിധാനത്തെ മാറ്റിമറിക്കുന്നത്. അതുകൊണ്ട് കേരളത്തിൽ ശക്തമായൊരു സമഗ്ര വിജിലൻസ് നിയമത്തിന്റെ പ്രസക്തിയുണ്ട്. അതുകൊണ്ട് ഈ മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനും നിയമനിർമ്മാണ സഭയുടെ അംഗീകാരത്തോടുകൂടി പാസ്സാക്കിയെടുക്കുന്നതിനും ഒരു നിയമനിർമ്മാണം നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംശുദ്ധമായ സിവിൽ സർവ്വീസും അഴിമതിരഹിത പൊതുപ്രവർത്തനവും ഉറപ്പുവരുത്തുന്നതിനുവേണ്ടി അഴിമതി നിരോധന നിയമത്തിന്റെയും കേരള ലോകായുക്ത നിയമത്തിന്റെയും 1988-ൽ നിലവിൽ വന്ന അഴിമതി നിരോധന നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് വിജിലൻസ് കാര്യക്ഷമമായും ബാഹ്യ സ്വാധീനങ്ങളിൽനിന്ന് മുക്തമായും സ്വതന്ത്രമായുമാണ് പ്രവർത്തിച്ചുവരുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ നിയമത്തിലും വിജിലൻസ് സംവിധാനത്തിലും ആവശ്യമാണ്. നിലവിൽ വിജിലൻസ് മാന്വൽ പരിഷ്കരിക്കുന്നതിനുപകരം 2001-നുശേഷം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, കോടതി വിധികൾ എന്നിവ മാന്വലിന്റെ അനുബന്ധമായി കൂട്ടിച്ചേർക്കുന്നതിന്

വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ കരട് ബിൽ തയ്യാറാക്കുകയും ആയതിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒരു സംസ്ഥാന വിജിലൻസ് കമ്മീഷണറും രണ്ടിൽ കൂടാതെയുള്ള വിജിലൻസ് കമ്മീഷണർമാരും ഉൾപ്പെടുന്ന കമ്മീഷനാണ് പ്രസ്തുത ബില്ലിലൂടെ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ ശിപാർശ ചെയ്യുന്നത്. സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകൾ, വിവിധ കമ്പനികൾ, കോർപ്പറേഷനുകൾ, സൊസൈറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിജിലൻസിന് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുംവിധം സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ അയച്ചു നൽകിയ കരട് ബില്ലിന്മേൽ നിയമവകുപ്പ് സെക്രട്ടറിയുടെയും വിജിലൻസ് ഡയറക്ടറുടെയും അഭിപ്രായം ആരായുകയുണ്ടായി. ഇരുവരും നൽകിയ അഭിപ്രായം കണക്കിലെടുത്ത് കരട് ബില്ലിൽ ചില ഭേദഗതികൾ ആവശ്യമാണ്. ഇതിനകം സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചുകഴിഞ്ഞ സംസ്ഥാനങ്ങളിലെ കമ്മീഷന്റെ പ്രവർത്തനംകൂടി വിലയിരുത്തി കേരളത്തിലെ വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, വിജിലൻസ് കമ്മീഷൻ രൂപീകരിക്കപ്പെടുമ്പോൾ അതൊരു ആക്ട് ആക്കി നിയമസഭ മുമ്പാകെ ചർച്ച ചെയ്ത് കുറ്റമറ്റതാക്കിയിട്ടുള്ള

നിയമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ അടുത്തകാലത്ത് നടത്തിയിട്ടുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ടുള്ള നടപടികളിലേയ്ക്ക് കടക്കുന്നതാണ്.